(ബി) താലൂക്കുതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

താലൂക്ക്	തുക
വൈത്തിരി	7,20,98,550
സുൽത്താൻ ബത്തേരി	5,55,64,439
മാനന്തവാടി	6,33,14,445

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

101 (73) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം ഇനത്തിൽ തുക അനുവദിക്കാറുണ്ട്;

(ബി) പാവപ്പെട്ടവർക്ക് ആശ്വാസമേകേണ്ട ദുരിതാശ്വാസ നിധിയിലെ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സമാഹരിക്കുന്നതെങ്ങനെയാണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേക്ക് ബജറ്റിലൂടെ ഓരോ വർഷവും എത്ര തുക ലഭിച്ചു, വിശദമാക്കാമോ;

(ഇ) ഈ ഓരോ വർഷവും ബഡ്ജറ്റ് വിഹിതമല്ലാതെ ഏതൊക്കെ രീതിയിലായി എത്ര തുക ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാനായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗുരുതരമായ രോഗബാധിതർക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾ, വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾ, സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബങ്ങൾ, തീപിടുത്തത്തിൽ നാശനഷ്ടം നേരിട്ടവർ എന്നിവർക്ക് ആശ്വാസ ധനസഹായം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിവേചനാധികാര പ്രകാരമുള്ള മറ്റു ധനസഹായങ്ങൾ എന്നിവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുവരുന്നു.

(ബി) തുക വക മാറ്റി ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നുമാണ് നിധിയിലേക്ക് പണം സമാഹരിക്കുന്നത്. ഈ സംഭാവനയോടൊപ്പം സർക്കാർ സംഭാവനയും ലഭിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേയ്ക്ക് ബഡ്ജറ്റിലൂടെ 730,10,00,000 (എഴുന്നൂറ്റി മുപ്പത് കോടി പത്ത് ലക്ഷം രൂപ മാത്രം) ലഭിച്ചു. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

വർഷം	തുക
2011-12 (18-5-11-31-3-12)	55,10,00,000
2012-13	70,00,00,000
2013-14	130,00,00,000
2014-15	165,00,00,000
2015-16	310,00,00,000
ആകെ	730,10,00,000

(ഇ)ബഡ്ജറ്റ് വിഹിതമല്ലാതെ പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സമാഹരിക്കാനായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

വർഷം	തുക
2011-12 (18-5-11-31-3-12)	3,35,03,788
2012-13	4,64,45,081
2013-14	3,41,75,205
2014-15	52,07,459
2015-16 (upto 31.1.16)	70,92,126

ഒഫിഷ്യൽ കറസ്പോണ്ടൻസുകളുടെ ആധുനികവൽക്കരണം

102 (74) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ടെലിഫോൺ കോളിലൂടെയോ, ഈ -മെയിലിലൂടെയോ പരിഹരിക്കാവുന്ന ഫയലുകളിലെ വിഷയം സംബന്ധിച്ച സംശയങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly